**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6039** **17-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടോ; | (എ) | നിഷേധിക്കുന്നില്ല. സർക്കാർ ധനസഹായ മുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ, കായിക യുവജന ക്ഷേമ വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നീ വകുപ്പുകൾ മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളിൽ 06.02.2017-നു മുൻപ് ടി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി ബോർഡ്/ വകുപ്പുകൾ മുഖേന നൽകുന്ന പെൻഷൻ പൂർണ്ണനിരക്കിലും സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്. 06.02.2017-ന് മുൻപും ശേഷവും ഒരു പെൻഷൻ മാത്രം ലഭിച്ചിരുന്നവർക്ക് ആ പെൻഷൻ മാത്രം പൂർണ്ണ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങി വരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനിലേയ്ക്ക് മാറുന്നതിനോ, തിരിച്ചോ ഒരിക്കൽ അവസരം ഉണ്ടായിരിക്കുന്നതാണ്.<br><br>തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളിൽ 06.07.2018നു മുൻപ് രണ്ട് പെൻഷൻ ലഭിച്ചിരുന്നവർക്ക് രണ്ട് പെൻഷനും പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് ബോർഡ് പെൻഷൻ പൂർണ്ണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഏതൊക്കെ ക്ഷേമനിധി പെൻഷനുകളാണ് ഇപ്രകാരം നൽകാത്തതെന്നും അംശദായം അടച്ച തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കുന്ന നടപടി ഒഴിവാക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | പിരിവ് (എ) -യ്ക്കുള്ള മറുപടി തന്നെ. |

സെക്ഷൻ ഓഫീസർ